**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.649** **29.10.2019-ൽ മറുപടിക്ക്**

**വൈദ്യുതി വകുപ്പ് കൽപ്പറ്റ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ**

| | ചോദ്യം<br>ശ്രീ. സി. കെ. ശശീന്ദ്രൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി വകുപ്പ് കൽപ്പറ്റ മണ്ഡലത്തിൽ എത്ര കോടി രൂപയുടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്തിയതെന്ന് വിശദമാക്കാമോ? | | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി വകുപ്പ് കൽപ്പറ്റ നിയോജക മണ്ഡലത്തിൽ DDUGJY, IPDS,MLA ADS, Dyuthi, PPS,ST പദ്ധതികളിലൂടെയും 17.99 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.ഇതിൽ പ്രധാനമായി വിതരണ ശൃംഖലയിൽ 32.56 കി.മീ പുതിയ 11 കെ.വി ഓവർ ഹെഡ് ലൈൻ വലിക്കുകയും, 11 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും ചെയ്തു. ഇതു കൂടാതെ 10 ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും , 8.56 കി.മീ ത്രീ ഫേസ് ലൈൻ വലിക്കുകയും, 9.2 കി.മീ സിംഗിൽ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുകയും,11 ബൗണ്ടറി മീറ്റർ സ്ഥാപിക്കുകയും, 29,500 ഓളം കേടായ മീറ്റർ മാറ്റി വയ്ക്കുകയും, 1.3 കി.മീ 11 കെ.വി ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC)ലൈൻ വലിക്കുകയും, 38.74 കി.മീ ഹൈ ടെൻഷൻ ലൈൻ റീകണ്ടക്ടറിങ്ങ് വർക്കുകൾ, 10.68 കി.മീ ലോടെൻഷൻ ലൈൻ റീകണ്ടക്ടറിങ്ങ് വർക്കുകൾ, എന്നിവ പൂർത്തിയാക്കുകയും 5375 ഓളം സർവീസ് കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. IPDS വർക്കിൽ 33/11Kv 5 MVA ട്രാൻസ്ഫോമർ ശേഷി 33/11Kv 8 MVA ആയി വർദ്ധിപ്പിച്ചു.<br><br>കൂടാതെ താഴെ പറയുന്ന പ്രവൃത്തികളും നടപ്പിലാക്കി.<br>1. 220 കെ.വി സബ്സ്റ്റേഷൻ കണിയാമ്പറ്റ |

| | | | |
|---|---|---|---|
| | | | യിൽ 11Kv 10 Panel Set മാറ്റിയ വർക്ക്.<br>2. 66 കെ.വി കുത്തുമുണ്ട സബ്സ്റ്റേഷനിൽ ശേഷി ഉയർത്തുന്നതിന്റെ ഭാഗമായി താൽക്കാലികമായി കൺട്രോൾ റൂം നിർമ്മാണവും ODC മാറ്റി indoor 10 Panel Set ആക്കി മാറ്റിയ പ്രവൃത്തി.<br>3. 66 കെ.വി കണിയാമ്പറ്റ- കുത്തുമുണ്ട സിംഗിൾ സർക്യൂട്ട് ലൈൻ 110 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ ആക്കി മാറ്റി ശേഷി ഉയർത്തൽ.<br><br>പാരമ്പേര്യതര ഊർജ്ജസ്രോതസ്സിന്റെ കീഴിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ<br><br>ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി, 5 വർഷത്തെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ 9.25 കോടി രൂപ വകയിരുത്തി നടപ്പിലാക്കി. ഇതിൽ നിന്നുള്ള വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി ഗ്രീഡിലേയ്ക്ക് ലഭിച്ചു വരുന്നു<br><br>കൂടാതെ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ 43 കിലോവാട്ട് സ്ഥാപിതശേഷിയുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതി 35 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ